വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ—സി) സംസ്ഥാനത്ത് അലഞ്ഞു തിരിഞ്ഞ് നടക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നതായി റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല. എന്നിരുന്നാലും അലഞ്ഞുതിരിയുന്നവരെ പാർപ്പിക്കുവാനും സംരക്ഷണം നൽകുവാനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

അലഞ്ഞുതിരിയുന്നവരിൽ 18 വയസ്സിനു താഴെ പ്രായമുള്ള ആൺകുട്ടികൾക്കു വേണ്ടി 5 ജുവനൈൽ ഹോമുകളും പെൺകുട്ടികൾക്കുവേണ്ടി ഒരു ജുവനൈൽ ഹോമും ഉണ്ട്. സ്ത്രീകൾക്കു വേണ്ടി 12 മഹിളാ മന്ദിരങ്ങളും വൃദ്ധരായവർക്കുവേണ്ടി 14 വൃദ്ധസദനങ്ങളും പ്രവർത്തിച്ചുവരുന്നു.

മുള വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ

*23 [263] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
„ എം. എ. ചന്ദ്രശേഖരൻ:
„ ടി. യു. രാധാകൃഷ്ണൻ:
„ ബി. വിജയകുമാർ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുളയുടെ ഉപയോഗം കൂടുതൽ വ്യാപകമാക്കാൻ ഉദ്ദേശമുണ്ടോ;

(ബി) മുള വ്യാവസായികാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പരിപാടിയുണ്ടോ;

(സി) ഇതിനുള്ള സാങ്കേതിക വിദ്യ ചൈനയിൽനിന്ന് സ്വീകരിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ ഏതുവരെയായി;

(ഡി) അതിനുള്ള വ്യവസ്ഥകൾ തീരുമാനിച്ചുവോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ, ബി) ഉണ്ട്. മുളയും മുളയുമായി ബന്ധപ്പെട്ട മറ്റ് അസംസ്കൃത വസ്തുക്കളുമുപയോഗിച്ച് തടിയ്ക്കുപകരമായി ഉപയോഗിക്കുന്ന വസ്തുക്കൾ ഉണ്ടാക്കുവാനും മറ്റ് കരകൗശല വസ്തുക്കൾ നിർമ്മിക്കുവാനും ഉദ്ദേശമുണ്ട്. ബാംബു സെക്ടറിന്റെ വളർച്ചയ്ക്കും ഉന്നമനത്തിനുമായി കേരളത്തിൽ ഈയടുത്ത് രൂപീകരിച്ച ബാംബുമിഷൻ വഴി മുളയുടെ വിവിധ ഉപയോഗങ്ങളെക്കുറിച്ചും വ്യാവസായിക ആവശ്യങ്ങൾക്കായി മുള ഉപയോഗിക്കുന്നതു സംബന്ധിച്ചും പഠനം നടത്തിവരുന്നു.

(സി, ഡി) ഇതുമായി ബന്ധപ്പെട്ട് പ്രാരംഭ പഠനങ്ങൾക്കായി സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടെ ഏതാനും പ്രതിനിധികൾ ചൈന സന്ദർശിച്ചിരുന്നു. ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആന്റ് ടെക്നോളജിയും കേന്ദ്ര സർക്കാർ മുഖേനയും ചൈനയിൽനിന്ന് ചില മുള പ്രൊസസ്സിംഗ് യന്ത്രങ്ങളും അവ പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ പരിശീലനവും ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly